(ജി) ഈ സ്ഥാപനത്തിൽ ഇപ്പോഴും ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) പ്രസ്തുത സ്ഥാപനം 2004-05 വർഷത്തിൽ ലാഭമാണോ ഉണ്ടാക്കിയത്; എങ്കിൽ എത്ര;

(ഐ) ഇവിടെ ഇപ്പോഴും മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മലബാർ സിമൻറ്സിലെ തൊഴിലാളികൾ പേയ്മെൻറ് ഓഫ് വേജസ് ആക്ടിലെ വേതന പരിധിക്ക് പുറത്താണ്.

(ബി) മലബാർ സിമൻറ്സിൽ 832 സ്ഥിര തൊഴിലാളികൾ ഉണ്ട്. അവരുടെ തസ്തിക തിരിച്ചുള്ള കണക്ക് അനുബന്ധം ഒന്നായി ഉള്ളടക്കം ചെയ്തിരിക്കുന്നു. †

(സി) ഈ സ്ഥാപനത്തിൽ ഓവർടൈം ആയി തൊഴിലാളികളെ ജോലിക്കുവയ്ക്കാറില്ല. എന്നാൽ ഏതെങ്കിലും കാരണവശാൽ, ഏതെങ്കിലും തൊഴിലാളി നിയോഗിക്കപ്പെടുന്ന ഷിഫ്റ്റിൽ ഹാജരാകാതിരിക്കുമ്പോൾ, അതായത് റിലീവ് ചെയ്യാൻ ആളില്ലാതെ വരുമ്പോൾ, ജീവനക്കാർ ഒന്നിൽ കൂടുതൽ ഷിഫ്റ്റിൽ തുടരാറുണ്ട്. അത്തരം അവസരങ്ങളിൽ അവർക്ക് അർഹതപ്പെട്ട കോമ്പൻസേറ്ററി ഓഫ് നൽകുകയാണ് പതിവ്.

(ഡി) മലബാർ സിമൻറ്സിലെ തൊഴിലാളികൾ പേയ്മെൻറ് ഓഫ് വേജസ് ആക്ടിലെ വേതന പരിധിക്ക് പുറത്താണ്.

(ഇ, എഫ്) പ്രാതികൾ ഒന്നും ലഭിച്ചിട്ടില്ല. അധിക ഷിഫ്റ്റ് ജോലിക്ക് ആനുപാതികമായി കോമ്പൻസേറ്ററി ഓഫ് നൽകും.

(ജി) ഈ സ്ഥാപനത്തിൽ ഇപ്പോൾ വർക്കർ കാറ്റഗറിയിൽ മസ്ദൂർ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(എച്ച്) 2004-2005-ൽ കമ്പനിക്ക് രണ്ടുകോടിയോളം കാഷ് പ്രോഫിറ്റുണ്ട്. പുതിയ ചേർത്തല യൂണിറ്റിൻറെതുൾപ്പെടെയുള്ള ഡിപ്രീസിയേഷൻ കൂടി കണക്കിലെടുക്കുമ്പോൾ ഏകദേശം 170 ലക്ഷം രൂപയുടെ നഷ്ടം വരുമെന്ന് കണക്കാക്കപ്പെടുന്നു. അക്കൗണ്ടൻസി ആഡിറ്റ് നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ഐ) മസ്ദൂർ തസ്തികയിൽ ഇപ്പോൾ 108 ഒഴിവുകളുണ്ട്.

കഴക്കൂട്ടത്ത് കിൻഫ്രാ അപ്പാരൽ പാർക്കിൽ തൊഴിൽ ലഭിച്ചവർ

5 [2142] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്ത് സ്ഥാപിച്ചിട്ടുള്ള കിൻഫ്രാ അപ്പാരൽ പാർക്കിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ പാർക്കിൽ എത്രപേർക്ക് തൊഴിൽ നൽകുവാനാണ് ഉദ്ദേശിച്ചിരുന്നത്; ഈ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Keral Legislative Assembly

ഉത്തരം

(എ) കഴക്കൂട്ടത്ത് സ്ഥാപിച്ചിട്ടുള്ള കിൻഫ്രാ അപ്പാരൽ പാർക്കിൽ വിവിധ യൂണിറ്റുകളിലായി ഇപ്പോൾ ഏകദേശം 1300 ആളുകൾ നേരിട്ട് ജോലി ചെയ്യുന്നു.

(ബി) ഈ പാർക്ക് പൂർണ്ണതോതിൽ എത്തുമ്പോൾ 14,000 പേർക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ ലക്ഷ്യം ഇതുവരെ കൈവരിച്ചിട്ടില്ല. അടുത്ത രണ്ടു വർഷത്തിനുള്ളിൽ ഈ പദ്ധതി പൂർണ്ണമാകുമെന്നും ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

മലബാർ സിമൻറ്സ് ലിമിറ്റഡിലെ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിന്റെ ഇൻസ്പെക്ഷൻ

6 [2143] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) മലബാർ സിമൻറ്സ് ലിമിറ്റഡിന് കീഴിൽ പ്രവർത്തിക്കുന്ന പണ്ടാരത്ത് ലൈം സ്റ്റോൺ മൈൻസിൽ 2005 മാർച്ച് മാസം ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ് ഉദ്യോഗസ്ഥൻ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നും അവർ നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെ ആണെന്നും അറിയിക്കുമോ;

(സി) ഈ ഉദ്യോഗസ്ഥൻ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളവയിൽ എന്തൊക്കെ പാലിച്ചു എന്നും എന്തൊക്കെ പാലിച്ചില്ല എന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥൻ നൽകിയ നിർദ്ദേശങ്ങളിൽ ഈ സ്ഥാപനത്തിൽ ഒരു മൈനിംഗ് എഞ്ചിനീയറെ നിയമിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് വേണ്ട യോഗ്യത എന്താണെന്ന് അറിയിക്കുമോ;

(എഫ്) ഇപ്പോൾ ഈ സ്ഥാപനത്തിൽ മൈനിംഗ് എഞ്ചിനീയർ ആയി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹം ആരാണെന്നും അദ്ദേഹത്തിന്റെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ;

(ജി) ഈ ഉദ്യോഗസ്ഥന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള യോഗ്യതയുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇദ്ദേഹത്തെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(എച്ച്) മൈനിംഗ് എഞ്ചിനീയറിംഗ് തസ്തികയിലേയ്ക്ക് യോഗ്യതയുള്ളവരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly